സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 104-108

പാലൈ
PALAI பாலை
ISSN No: 3049-0316

# അധികാരപ്രയോഗവും നീതിനിർവ്വഹണവും: 'മഹാവീര്യർ' എന്ന ചലച്ചിത്രത്തിൽ



**ജിഷ്ണുകാന്ത് വി.എസ്. ***

**സംഗ്രഹം**

ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനും തമ്മിലുള്ള സാമൂഹിക ഉടമ്പടിയുടെ ഫലമാണ് ഭരണകൂടം എന്ന് ഫ്രഞ്ച് വിപ്ലവത്തിന്റെ പ്രവാചകനായ റൂസോ തന്റെ സോഷ്യൽ കോൺട്രാക്ട് എന്ന കൃതിയിൽ പറഞ്ഞുവെക്കുന്നു. ഈ സാമൂഹിക ഉടമ്പടിയെ നിർണ്ണയിക്കുന്നത് അധികാരവും അധികാരി രൂപപ്പെടുത്തുന്ന നിയമസംവിധാനങ്ങളുമാണ്. ഈ വ്യവസ്ഥയിൽ ഭരിക്കുന്നവൻ അധികാരം കയ്യാളുന്നവനും ഭരിക്കപ്പെടുന്നവൻ വിധേയനുമാകുന്നു. മാനവ ചരിത്രം പരിശോധിച്ചാൽ ഒരുവൻ ഏകനല്ലാതിരുന്ന കാലം മുതൽ അധികാരം അവർക്കിടയിൽ രൂപപ്പെട്ടു തുടങ്ങി. ഗോത്രസംസ്കൃതിയിൽ നിന്നും ഫെഡറൽ രാഷ്ട്രത്തിലേക്കുള്ള വളർച്ചയിൽ പുരുഷൻ, കരുത്തൻ, ബുദ്ധിശാലി, വിവേകി, വിദ്യാസമ്പന്നൻ, സമ്പന്നൻ, ഉന്നതകുലജാതൻ എന്നിങ്ങനെ അധികാരിയുടെ ഗുണഗണങ്ങൾ മാറി വരുന്നു. രാജഭരണകാലഘട്ടം അധികാരത്തെ ഒരു പരമ്പരാഗത അവകാശമായി പരിണാമപ്പെടുത്തി. രാജ്യത്തെ നീതി വ്യവസ്ഥ അധികാര സംരക്ഷണത്തിന്റെ കാവലാളായിമാറി. ഫെഡറൽ സമ്പ്രദായങ്ങൾക്കുള്ളിലും പ്രച്ഛന്നവേഷത്തിൽ നിലനിൽക്കുന്ന അധികാരസങ്കൽപ്പത്തെ എബ്രിഡ് ഷൈൻ സംവിധാനംചെയ്ത 'മഹാവീര്യർ' എന്ന ചലച്ചിത്രത്തെ ആസ്പദമാക്കി പഠന വിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽ വാക്കുകൾ:** അധികാരം - നീതി - കാലം

'ആധിപത്യം, കാര്യവിചാരം, നിയമാനുസൃതമായി ആജ്ഞാപിക്കാനുള്ള കഴിവ് എന്നിങ്ങനെ അധികാരശബ്ദത്തിന് ശബ്ദതാരാവലി അർത്ഥം കൽപ്പിക്കുന്നു' (പത്മനാഭപിള്ള. ജി, 1987:108). നിയമത്തിന്റെ പിൻബലത്തിലാണ് അധികാരം പ്രയുക്തമാകുന്നത്. നിയമങ്ങൾ കാലാനുസൃതമായി പരിണമിച്ചുണ്ടായതാണ്. അർത്ഥശാസ്ത്രത്തിൽ നിന്നും ആധുനികഭരണഘടനയിലേക്കുള്ള മാറ്റം കാലാനുസൃതമാണ്. നിയമ സമ്പ്രദായങ്ങൾ മാറുമ്പോൾ അധികാര പ്രയോഗ വ്യവസ്ഥകളും

* ഗവേഷകൻ -മലയാളവിഭാഗം - സെന്റ് തോമസ് കോളേജ് പാലാ.

ISSN No: 3049-0316
വാല്യം 1 ലക്കം 4 ജൂൺ 2025

മാറുന്നു. എന്നാൽ അധികാരിയും വിധേയനും മാറ്റമില്ലാത്ത വസ്തുതയായി തുടരുന്നുണ്ട്. 'അധികാരം ദമനത്തിന്റെയും നിഗ്രഹത്തിന്റെയും പ്രവർജനത്തിന്റെയും ഉപകരണങ്ങളാണെന്നും, ആധുനിക സംസ്കാരം തന്നെ ബലപ്രയോഗത്തിലധിഷ്ഠിതമാണെന്നും മിഷേൽ ഫൂക്കോ അഭിപ്രായപ്പെടുന്നു' (രവീന്ദ്രൻ പി. പി, 1998:75) കോളനിയനന്തര രാഷ്ട്രങ്ങളിൽ ഈ പ്രവണത ദർശിക്കാവുന്നതാണ്. 'എന്റെ രാജ്യത്ത് അഭിപ്രായപ്രകടന സ്വാതന്ത്ര്യമുണ്ട് എന്നാൽ അഭിപ്രായം പറഞ്ഞശേഷം സ്വാതന്ത്ര്യം അവകാശപ്പെടരുതെന്ന്' ഈദി അമീൻ പറഞ്ഞത് സ്മരണീയമാണ്. കാമ്യുവിന്റെ കലിഗുല എന്ന നാടകത്തിലെ പരപീഢനസുഖം പരമാധികാരമായി കാണുന്ന രാജാക്കന്മാർ സ്വതന്ത്ര രാഷ്ട്രങ്ങളിലും നിലനിൽക്കുന്നുണ്ട്. ഹിറ്റ്ലർ, മുസ്സോളിനി, സ്റ്റാലിൻ, നിക്കോളാസ് ചൌഷസ്ക്യൂ, ഈദി അമീൻ, കേണൽ ഗദ്ദാഫി എന്നിങ്ങനെ സ്വേച്ഛാധിപതികളുടെ നാമങ്ങൾ നീളുന്നു. ജനാധിപത്യ സംവിധാനങ്ങൾക്കുള്ളിലും ഏകാധിപത്യം ഒരു വിദൂരസങ്കൽപ്പമല്ലെന്ന് 1975ലെ ഇന്ത്യൻ അടിയന്തരാവസ്ഥയും അനന്തരസംഭവങ്ങളും ഓർമ്മിപ്പിക്കുന്നുണ്ട്. 'എൽസാൽവദോറിലും ഗ്വാട്ടിമാലയിലും അധികാരം പിടിച്ചെടുത്ത സമഗ്രാധിപത്യ സർക്കാരുകളെ ജനാധിപത്യ സംവിധാനമായി കണക്കാക്കിയ അമേരിക്കൻ മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ ആദർശാത്മക നിർവ്വചനങ്ങളെ തിരസ്കരിക്കുകയാണെന്ന് പി.പി.രവീന്ദ്രൻ (രവീന്ദ്രൻ പി.പി, 2002:76). ജനാധിപത്യത്തിന്റെ ജിഹ്വയാകേണ്ട മാധ്യമങ്ങളുൾപ്പെടെ അധികാരികളുടെ ആജ്ഞാനുവർത്തികളാകുമ്പോൾ നിയമവ്യവസ്ഥകൊണ്ട് അതിൽനിന്നു ജനങ്ങൾക്കു മുക്തിനേടാമെന്നു കരുതുന്നത് വ്യാമോഹം മാത്രമാണ് എന്നതിന്റെ ആവിഷ്കാരമാണ് എബ്രിഡ് ഷൈൻ തിരക്കഥയെഴുതി സംവിധാനം ചെയ്ത് നിവിൻപോളി കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച് 2020 ൽ പുറത്തിറങ്ങിയ 'മഹാവീര്യർ' എന്ന ചലച്ചിത്രം.

കാലത്തെ അതിജീവിക്കുന്ന അപൂർണ്ണാനന്ദൻ എന്ന താപസനാണ് കഥയിലെ ആഖ്യാതാവ്. ഭൂതത്തിലേക്കും ഭാവിയിലേക്കും വർത്തമാനത്തിലും ഒരേ സമയം സഞ്ചരിക്കുന്ന അപൂർണ്ണാനന്ദൻ മരണമില്ലാതെ തുടരുന്ന രാജാക്കന്മാരെയും അവരുടെ അധികാരത്തിന്റെ ചാട്ടയെയും ജനാധിപത്യ നീതിന്യായ വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ തുറന്നു കാട്ടുന്നു. മനോമയരാജ്യത്തെ രുദ്രമഹാവീര്യ ഉഗ്രസേന രാജാവിന്റെ എക്കിൾ മാറ്റുവാനായി രാജാവിന്റെ സ്വപ്നത്തിൽ രാജഗുരു അരുളിച്ചെയ്ത പ്രതിവിധി - ശബ്ദരസരൂപഗന്ധസ്പർശങ്ങളാൽ ഇന്ദ്രിയത്തെ വെല്ലുന്ന തുളസിക്കതിർപോലെയുള്ള പെൺകിടാവിന്റെ കണ്ണീർ കുടിക്കുക എന്നതാണ്. അതിനായി മന്ത്രി ചിത്രപുരി എന്ന ഗ്രാമത്തിൽ എത്തുന്നതും അവിടുത്തെ സാധാരണക്കാരിയായ ദേവയാനി എന്ന യുവതിയെ തട്ടിക്കൊണ്ടു പോകുന്നതും തുടർന്ന് യുവതിയുടെ അച്ഛൻ കോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ രാജാവ് വിചാരണ നേരിടുന്നതും ഒടുവിൽ ജനാധിപത്യ നീതി സമ്പ്രദായം രാജാവിനനുകൂലമായി വിധി പ്രസ്താവിക്കുന്നതുമാണ് ഇതിവൃത്തം. ആക്ഷേപഹാസ്യരൂപേണ അവതരിപ്പിക്കപ്പെട്ട ചിത്രത്തിൽ ഒ. വി. വിജയന്റെ ധർമ്മപുരാണത്തിലേതുപോലെ ശക്തമായ രാഷ്ട്രീയ വിമർശനവുമുണ്ട്.

മേൽക്കാവ് ക്ഷേത്രത്തിലെ വിഗ്രഹമോഷണവുമായി ബന്ധപ്പെട്ട് അപൂർണ്ണാനന്ദനെ നാട്ടുകാർ പിടികൂടി പോലീസിലേൽപ്പിക്കുന്നതും തുടർന്നുള്ള മോഷണക്കേസിന്റെ വിചാരണയുമാണ് കഥയുടെ ആദ്യ ഭാഗം. യുക്തിക്കു നിരക്കുന്നതു മാത്രമേ കോടതിയിൽ പറയാവൂ എന്ന കോടതിയുടെ വാദത്തെ യുക്തിയും അയുക്തിയും തമ്മിലുള്ള അതിർവരമ്പിനെ മായ്ച്ചുകൊണ്ട് ചോദ്യം ചെയ്യുകയാണ് അപൂർണ്ണാനന്ദൻ. ആധുനിക നിയമത്തിനൊപ്പം കൗടില്യന്റെ അർത്ഥശാസ്ത്രനിയമങ്ങളും വാദത്തിനായി അപൂർണ്ണാനന്ദൻ ഉപയോഗിക്കുന്നുണ്ട്. എന്നോ മൺമറഞ്ഞ രാജഭരണകാലത്തെയും അന്നത്തെ നീതിന്യായ വ്യവസ്ഥയും ആധുനിക നിയമവ്യവസ്ഥയ്ക്കു മുൻപിൽ പരിഗണിക്കാൻ പറ്റില്ല എന്ന പ്രോസിക്യൂഷന്റെ വാദത്തിനു മറുപടിയായി അപൂർണ്ണാനന്ദൻ മനോമയരാജ്യത്തെ ഉഗ്രസേന രാജാവിന്റെയും ദേവയാനിയുടെയും കേസ് ആധുനിക നിയമത്തിനു മുമ്പിൽ കൊണ്ടുവരുകയും, അധികാരത്തിന്റെ പ്രയോഗസാമർത്ഥ്യത്തിനു മുന്നിൽ നിയമവ്യവസ്ഥ തകർന്നു പോകുന്ന കാഴ്ച എത്ര ദയനീയമാണെന്ന് കാട്ടിത്തരുകയും ചെയ്യുന്നു.

### അധികാരപ്രയോഗവും വ്യക്തി ജീവിതവും

ചിത്രത്തിന്റെ ആദ്യ രംഗം തന്നെ അധികാരത്തിന്റെ പ്രതീകമായ കിരീടം കാണിച്ചുകൊണ്ടാണ്. സിനിമയിൽ അവതരിപ്പിക്കപ്പെടുന്ന മറ്റൊരു പ്രതീകം വിഗ്രഹമാണ്. രണ്ടും ചേർത്തു വായിക്കുമ്പോൾ

 ISSN No: 3049-0316 

കിരീടം എന്ന അധികാര സങ്കല്പം വിഗ്രഹം എന്ന പ്രതിഷ്ഠാപിത സങ്കൽപ്പത്തോടു ചേർന്ന് നിൽക്കുന്നു. അധികാരം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതാണ് എന്നും അത് കാലങ്ങളിലൂടെ തുടർന്നു പോകുന്നു എന്നും ആ വിഗ്രഹത്തെ അപഹരിക്കുവാൻ മാത്രമേ കാലത്തിന് സാധിക്കുന്നുള്ളൂ എന്നും വിഗ്രഹഭഞ്ജകമായ അവസ്ഥ ഒരു സമൂഹത്തിലും സാധ്യമല്ല എന്നും സിനിമ അവതരിപ്പിക്കുന്നു. കാലങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന അപൂർണ്ണാനന്ദൻ തന്നെത്തന്നെ വിശേഷിപ്പിക്കുന്നത് "വിഗ്രഹങ്ങൾ സൃഷ്ടിക്കപ്പെടുകയും അപഹരിക്കപ്പെടുകയും ചെയ്യുന്ന കാലത്തിൻറെ സാക്ഷി" മാത്രമാണ് താനെന്നാണ്.

രാജഭരണ കാലത്ത് അധികാരപ്രയോഗം അധികാരിയും സാധാരണക്കാരനും തമ്മിൽ അഥവാ വ്യക്തികൾ തമ്മിലുള്ളതായിരുന്നു. രാജാധികാരത്തെ മാറ്റി ജനാധിപത്യ ഫെഡറൽ സംവിധാനങ്ങൾ രൂപപ്പെട്ടപ്പോൾ അധികാരവ്യവസ്ഥ രാഷ്ട്രവും ജനങ്ങളും എന്നതിലേക്ക് പുനഃസ്ഥാപിക്കപ്പെട്ടു. ദേശസങ്കൽപ്പത്തിൽ നിന്ന് രാഷ്ട്ര സങ്കല്പത്തിലേക്കുള്ള മാറ്റവും ഇവിടെ ശ്രദ്ധേയമാണ്. 'ദേശം ഒരു ജനതയെ സൂചിപ്പിച്ചപ്പോൾ രാഷ്ട്രം എന്ന സങ്കല്പം രാഷ്ട്രീയ സംവിധാനവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് റെയ്മണ്ട് വില്യംസ് നിരീക്ഷിക്കുന്നുണ്ട്' (ജീവൻ കുമാർ കെ., 2019:38) ഇന്ത്യ പോലുള്ള ജനാധിപത്യ രാഷ്ട്രങ്ങളിൽ അധികാരത്തിന്റെ സ്രോതസ്സായി ജനങ്ങളെ അവരോധിക്കുന്നു. നീതിയും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുക എന്നത് ഭരണഘടനയുടെ ലക്ഷ്യമായും പറയുന്നു. പക്ഷേ വ്യക്തിയാണോ രാഷ്ട്രമാണോ പ്രധാനം എന്ന ചോദ്യത്തിന് ഇപ്പോഴും പ്രസക്തിയുണ്ട്. സിനിമ മുന്നോട്ട് വയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ സമസ്യയും ഇതുതന്നെയാണ്. സുന്ദരിയായ സ്ത്രീയെ കൊണ്ടുവരാൻ മന്ത്രിയോടാവശ്യപ്പെടുമ്പോൾ അതാരുടെയെങ്കിലും ഭാര്യയാണെങ്കിലും കുഴപ്പമില്ല എന്നു കൽപ്പിക്കുന്ന രാജാവും അനവാദമില്ലാതെ ദേവയാനിയെ തട്ടിക്കൊണ്ടുപോയ മന്ത്രിയും വ്യക്തിസ്വാതന്ത്ര്യത്തിന് വില നല്കുന്നില്ല. മൗലികാവകാശത്തിന്റെ ലംഘനമാണ് ഇവിടെ നടന്നിരിക്കുന്നത്. എന്നാൽ രാഷ്ട്രം അപകടത്തിലാണെങ്കിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനും മൗലികാവകാശങ്ങൾ റദ്ദുചെയ്യാനും രാഷ്ട്രത്തിന്റെഭരണാധികാരിക്ക്അർഹതയുണ്ട്.രാഷ്ട്രത്തലവന്റെവ്യക്തിപരമായപ്രശ്നങ്ങളുംരാജ്യത്തെ ബാധിക്കുമെങ്കിൽ വ്യക്തിയും രാഷ്ട്രവും തമ്മിലുള്ള അധികാരസങ്കൽപ്പനം വ്യക്തിയും വ്യക്തിയും തമ്മിലുള്ളതായി മാറുകയും ചെയ്യുന്നു. അങ്ങനെയെങ്കിൽ സ്വേച്ഛാധിപത്യത്തിന് ഏതവസ്ഥയിലും നിലനിൽക്കാനാവുമെന്ന് ഉറപ്പ്. രാജാവിന്റെ അസുഖം രാജ്യ കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിൽ നിന്നും അദ്ദേഹത്തെ തടയുന്നു. രാജ്യത്തിന് അത് അപകടം വരുത്തിവയ്ക്കും എന്നതിനാൽ പ്രജയുടെ മൗലികാവകാശത്തിന് ഇവിടെ സ്ഥാനമില്ല എന്ന് കോടതിയിൽ അഭിഭാഷകൻ വാദിക്കുന്നു. കോടതിയതു ശരിവയ്ക്കുകയും ദേവയാനിയിൽ നിന്നും കണ്ണീർ ശേഖരിക്കുവാൻ ഉത്തരവിടുകയും ചെയ്യുന്നു.

'എല്ലാ രാഷ്ട്രീയ സിദ്ധാന്തങ്ങളും ചില ഉദാത്തവസ്തുക്കളെ ചുറ്റിപ്പറ്റിയാണ് നിലനിൽക്കുന്നതെന്നും അവ എല്ലാവർക്കും 'ഴയിസാങ്സ്'' എന്ന നഷ്ടസൗഭാഗ്യം വാഗ്ദാനം ചെയ്യുന്നു' എന്നും സ്ലാവോയ് സിസേക്ക് അഭിപ്രായപ്പെടുന്നു (സെബാസ്റ്റ്യൻ വട്ടമറ്റം, 2023;93). നീതിവ്യവസ്ഥ അത്തരത്തിലുള്ള ഉദാത്തവസ്തുവാണ്. ഭക്തന് വിശ്വാസംപോലെ അത് ജനത്തിന് ആശ്വാസം നൽകുന്നു. എന്നാൽ അധീശസംസ്കാരത്തിന് കീഴ്പ്പെട്ടു പോകുന്ന 'സിനിസിസം' എന്ന സിസേക്കിന്റെ സങ്കല്പം നീതി വ്യവസ്ഥയുടെ കാര്യത്തിലും നിലനിൽക്കുന്നു എന്ന് മഹാവീര്യർ തെളിയിക്കുന്നു. തിന്മയെന്നറിഞ്ഞുകൊണ്ട് തന്നെ അതുമായി പൊരുത്തപ്പെടുന്നതാണ് 'സിനിസിസം'. കോടതി വ്യവഹാരങ്ങളിൽ വരുന്ന മാറ്റങ്ങളിലൂടെ അധീശസംസ്കാരത്തിന് നീതിവ്യവസ്ഥ കീഴ്പ്പെടുന്നത് എങ്ങനെയെന്ന് കാണാവുന്നതാണ്. ഒന്നാമതായി ദൈവം സാക്ഷിയായി കോടതി മുമ്പാകെ സത്യം മാത്രം ബോധിപ്പിച്ചു കൊള്ളാം എന്ന പ്രതിജ്ഞ ദൈവത്തിന്റെയും പൊന്നു തമ്പുരാന്റെയും പേരിൽ സത്യംചെയ്യുന്നു എന്നു തിരുത്തുന്നു. രണ്ടാമതായി പ്രതിക്കൂട്ടിൽ നിൽക്കേണ്ട രാജാവ് അദ്ദേഹത്തിനു താൽപ്പര്യമില്ലെങ്കിൽ പ്രതിക്കൂട്ടിൽ നിൽക്കേണ്ട എന്ന് ജഡ്ജി പറയുന്നു. അതിനു കാരണമായിപ്പറയുന്നത് പ്രജയുടെ പരാതിയിന്മേൽ രാജാവു വിചാരണ നേരിടുന്നതുകൊണ്ട് കോടതി വ്യവഹാരങ്ങൾ മാമൂലുപോലെ പിന്തുടരാനാവില്ല എന്നാണ്. മൂന്നാമതായി രാജാവ് വരുമ്പോൾ മുതൽ അദ്ദേഹത്തെ എല്ലാവരും എഴുന്നേറ്റു നിന്നു ബഹുമാനിക്കുകയും ആജ്ഞാനുസരണം പ്രവർത്തിക്കുകയും ചെയ്യുന്നു. ഒരു

ISSN No: 3049-0316


രാജ്യത്തെ നിയമസംവിധാനം അധികാരവ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യമായിരിക്കും എന്ന ജനാധിപത്യത്തിലെ ജുഡീഷ്യൽ സമ്പ്രദായം ഇവിടെ തകരുകയാണ്. നാലാമതായി, രാജാവിനു കണ്ണീർ നൽകുന്നതിനായി ദേവയാനിയെ ക്രൂരമായി വേദനിപ്പിക്കുന്നതും മർദ്ദിക്കുന്നതും കോടതിയുടെ നിർദ്ദേശപ്രകാരമാണ്. അതിനു കാരണമോ കോടതിയുടെ തീർപ്പ് അന്തിമമായിരിക്കും അതിനു മുടക്കം വരുത്താൻ പാടില്ല എന്നതും. എല്ലാറ്റിനുമുപരിയായി പ്രജ-രാജാവ് എന്നീ ദ്വന്ദ്വത്തെ ഒന്നുകൂടി ദൃഢീകരിക്കാനും കോടതിക്കു കഴിയുന്നുണ്ട്.

രാജകൽപ്പനയുമായി ചിത്രപുരിയിലെത്തിയ മന്ത്രി രാജമുദ്രയുള്ള അംഗവസ്ത്രങ്ങൾ ധരിച്ചിട്ടും അയാളെ ദേവയാനിയുടെ അച്ഛനും അയൽക്കാരനും തടഞ്ഞത് രാജ്യദ്രോഹമായിട്ടാണ് കോടതി കണക്കാക്കുന്നത്. രാജ്യത്തിന്റെ ഔദ്യോഗിക ഉത്തരവിനെ പരസ്യമായി ലംഘിക്കുകയും ഉത്തരവു നടപ്പിലാക്കാൻ വന്ന ഉദ്യോഗസ്ഥനെ കൃത്യനിർവ്വഹണത്തിൽനിന്നു തടഞ്ഞതും പിന്നീട് രാജാവിനെതിരെ പരാതി നൽകിയതും ഭരണം അട്ടിമറിക്കുവാനുള്ള ബാഹ്യശക്തികളുടെ ഇടപെടലുകളുടെ ഭാഗമായി വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ രാജകല്പനയനുസരിച്ച് മനോമയരാജ്യത്തെ ഏറ്റവും സുന്ദരിയായ സ്ത്രീ മന്ത്രിയുടെ പത്നി തന്നെയായിരുന്നു എന്നിട്ടും മന്ത്രി അവരെ നിലവറയിൽ രഹസ്യമായി ഒളിപ്പിച്ചുവച്ച് തന്റെ ഭാര്യയായി മറ്റൊരു സ്ത്രീയെ രാജാവിന്റെ മുമ്പിൽ കൊണ്ടുവന്നു. രാജഹിതം നടപ്പിലാക്കാനുള്ള ആഗ്രഹത്തെക്കാൾ തന്റെ ഭാര്യയെ സംരക്ഷിക്കുന്നതിനാണ് മന്ത്രിയും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ദേവയാനിയിൽ വിശ്വാസം ജനിപ്പിച്ച് രാജാവിനു കൈമാറുന്നതിൽ മന്ത്രി വിജയിക്കുന്നുണ്ടെങ്കിലും യഥാർത്ഥ രാജ്യദ്രോഹി അയാളാണ്. അയാൾ ഒരേ സമയം രാജാവിനേയും പ്രജകളെയും വഞ്ചിക്കുകയാണ്. അധികാരത്തിന്റെ ആശ്രിതന്മാർക്കു കിട്ടുന്ന ഗുണവും ഇതുതന്നെയാണ്. അവർക്ക് ഇഷ്ടമുള്ളതു പോലെ കാര്യങ്ങൾ ചെയ്യാം വളച്ചൊടിക്കാം ആരും ചോദ്യം ചെയ്യാൻ വരില്ല. "മനസ്സിൽ ഭീമാപരത്താൽ വിലക്കപ്പെടുന്ന അഭിലാഷങ്ങൾ അബോധത്തിലേക്കാഴ്ത്തപ്പെടുന്നതുപോലെ, സമൂഹത്തിൽ അധികാരത്തിലോ വിഭവങ്ങളിലോ പങ്കാളിത്തമില്ലാത്ത ജനവിഭാഗങ്ങൾ തമസ്കരിക്കപ്പെടുന്നു" (സെബാസ്റ്റ്യൻ വട്ടമറ്റം, 2023;84).

പ്രത്യയശാസ്ത്രങ്ങൾ അബോധമനസ്സിലുണ്ടാക്കുന്ന ധാരണകൾ ഒരു വ്യക്തിയുടെ കാഴ്ചപ്പാടിനെ നിർണ്ണയിക്കുന്നുണ്ട്. സിസേക്കിന്റെ ലംബനക്കാഴ്ച (parallax view) എന്ന സങ്കൽപ്പം ഇതു തെളിയിക്കുന്നതാണ്. വിഷയിക്കു സ്ഥാനചലനം സംഭവിക്കുമ്പോൾ വിഷയത്തിനും മാറ്റം വരുന്നു എന്ന് ഭൗതിക ശാസ്ത്ര സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം തെളിയിക്കുന്നുണ്ട്. അതുപോലെയാണ് പ്രത്യയശാസ്ത്രങ്ങൾ കാഴ്ചപ്പാടിനെ സ്വാധീനിക്കുന്നത്. രാജാധികാരത്തിന്റെ കാലാതിവർത്തിയായ പ്രത്യയശാസ്ത്രങ്ങൾ നവീനനിയമവ്യവസ്ഥയെയും സ്വാധീനിച്ചതുകൊണ്ടാണ് ദേവയാനിയുടെമേൽ ചാട്ടവാർപ്രയോഗം നടത്താൻ കോടതി ഉത്തരവിട്ടത്. കാലങ്ങളിലൂടെ രൂഢമായ പ്രത്യശാസ്ത്രത്തെ പുറന്തള്ളിയുള്ള ഒരു നീതിവ്യവസ്ഥയാണ് അപൂർണ്ണാനന്ദൻ അവതരിപ്പിക്കുന്നത്. എത്ര പീഡിപ്പിച്ചിട്ടും ഒരു തുള്ളി കണ്ണീർപോലും ദേവയാനിയിൽ നിന്നു ലഭിക്കാതെ വന്നപ്പോൾ, അയാൾ ദേവയാനിയുടെ ശരീരത്തിൽ തുവൽസ്പർശം കൊണ്ട് ആനന്ദം ജനിപ്പിച്ച്, പ്രജയുടെ ആനന്ദാശ്രു രാജാവിന് ഔഷധമായി നൽകി. രാജാവിന്റെ സന്തോഷവും സുഗമമായ ജീവിതവും ഉറപ്പുവരുത്തുകയാണ് പ്രജയുടെ കടമ എന്ന കോടതിവിധിയെ മാറ്റിക്കൊണ്ട്, പ്രജാഹിതം നടപ്പിലാകുമ്പോൾ രാജ്യവും രാജാവും കീർത്തിനേടുമെന്ന സങ്കൽപ്പത്തെ അപൂർണ്ണാനന്ദൻ പുനഃപ്രതിഷ്ഠിക്കുന്നു. അധീശപ്രത്യയശാസ്ത്രത്തിൽ അധിഷ്ഠിതമായ അധികാരത്തിന്റെ പ്രാചീന വിഗ്രഹത്തെ ഇളക്കി മാറ്റി പകരം യുക്തിയിലധിഷ്ഠിതമായ പുതിയ വിഗ്രഹം സൃഷ്ടിച്ച് അപൂർണ്ണാനന്ദൻ തന്റെ കാല യാനം തുടരുന്നിടത്താണ് ചിത്രം അവസാനിക്കുന്നത്.

## ഉപസംഹാരം

കണ്ണീരുകുടിപ്പിക്കുക എന്ന പ്രയോഗം സാധാരണയായി ഉപയോഗിക്കുന്നത് ദുരവസ്ഥയെ സൂചിപ്പിക്കുവാനാണ്. ഇവിടെ രാജാവിന്റെ ദുരവസ്ഥയ്ക്ക് പ്രതിവിധിയായി പ്രജയുടെ കണ്ണീരു കുടിക്കുകയാണ്. പരമാധികാരിയുടെ പ്രശ്നങ്ങൾ പ്രജയുടെ പാരതന്ത്ര്യമായി പരിണമിക്കുമെന്ന് മഹാവീര്യർ ചൂണ്ടിക്കാണിക്കുന്നു. നീതിവ്യവസ്ഥകൊണ്ട് സംരക്ഷിക്കപ്പെടുമെന്ന് കരുതുന്നുണ്ടെങ്കിലും

 ISSN No: 3049-0316 

നീതിയുടെ തുലാസ് അധികാരത്താൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കുമെന്നും കാലങ്ങളിലൂടെ അടിമയും ഉടമയും ചൂഷകനും ചൂഷിതനും നിലനിൽക്കുക തന്നെ ചെയ്യും. അപൂർണ്ണാനന്ദൻ പറയുന്നതുപോലെ രാജാവും അടിമത്തവും ചോരണവും ചൂഷണവും പ്രാചീന കാലത്തിനുമാത്രമവകാശപ്പെട്ടതല്ലെന്നറിയാൻ കണ്ണു തുറന്നു നോക്കിയാൽ മാത്രം മതി.

## സഹായകഗ്രന്ഥങ്ങൾ


1. ജീവൻകുമാർ കെ. ഡോ, റെയ്മണ്ട് വില്ല്യംസ്, എസ്. പി.സി.എസ്,കോട്ടയം, 2019.
2. പത്മനാഭപിള്ള ജി, ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, എസ്.പി.സി.എസ്, കോട്ടയം, 1987.
3. രവീന്ദ്രൻ പി.പി. ഡോ. മിഷേൽ ഫൂക്കോ - വർത്തമാനത്തിന്റെ ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998.
4. രവീന്ദ്രൻ പി.പി. ഡോ, സംസ്കാരപഠനം ഒരു ആമുഖം, ഡി.സി. ബുക്സ് കോട്ടയം, 2002.
5. സെബാസ്റ്റ്യൻ വട്ടമറ്റം, ലകാനും സിസേക്കും മനസ്സ് മതം മാർക്സിസം, ആത്മ ബുക്ക്സ്, കോഴിക്കോട്, 2023.